**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3913** **06-08-2021 - ൽ മറുപടിയ്ക്ക്**

**ജല ജീവൻ പദ്ധതിയിൽ വാമനപുരം ആറ്റിൽ നിന്നുള്ള ജലലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനാൽ ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം കൂടുന്നതിനനുസരിച്ചുള്ള ജല ലഭ്യത തിരുവനന്തപുരം ജില്ലയിലെ വാമനപുരം ആറ്റിൽ നിന്നും കിട്ടുന്നുണ്ടോ; | (എ) | വേനൽക്കാലങ്ങളിൽ വാമനപുരം നദിയിൽ ജലലഭ്യത കുറയുന്ന സ്ഥിതി നിലവിലുണ്ട്. അത്തരം അവസരങ്ങളിൽ തടയണകൾ നിർമ്മിച്ച് കുടിവെള്ളദൗർലഭ്യം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | ഗാർഹിക ഉപഭോക്താക്കൾക്ക് എല്ലാ ദിവസവും കുടിവെള്ളം ലഭിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു വരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ജല ജീവൻ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾക്കു പുറമെ കിഫ്ബി, അമൃത്, സംസ്ഥാന പദ്ധതികൾ, തദ്ദേശ്ശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ, എം.പി/എം.എൽ.എ ഫണ്ട് മുതലായവയുപയോഗിച്ചും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇത്തരം പദ്ധതികളിലൂടെ എല്ലാ മേഖലയിലെ ജനങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ കുടിവെള്ള ദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ വാൽവുകൾ നിയന്ത്രിച്ചും നിലവിലുള്ള സ്രോതസ്സുകളിൽ ജല ലഭ്യത കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചും ജങ്ങൾക്ക് കുടിവെള്ളം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. സാമൂഹിക കുടിവെള്ള പദ്ധതികളുടെ സുസ്ഥിരതാ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി നിലവിലുള്ള ജലനിധി പദ്ധതികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നുണ്ട്. മലയോര മേഖലയിലും മറ്റ് കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്തതുമായ പ്രദേശങ്ങളിൽ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിയുടെ മഴകേന്ദ്രം മുഖേന 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകി വരുന്നു. കൂടാതെ നിലവിലുള്ള തുറന്ന കിണറുകൾ റീചാർജ് ചെയ്ത് കിണറുകളിൽ നിന്നും വേനൽക്കാലത്ത് ജലലഭ്യത ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയും |

| | | | |
|---|---|---|---|
| | | | കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ